U.S. Consulate General Chennai

Press Release

**Phone:** +91-44-2857-4181 | **Mail:** ChennaiPDPress@State.Gov

# ലോക മാനസികാരോഗ്യ ദിനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച, യു.എസ് സർജൻ ജനറൽ വിവേക് മൂർത്തിയുടെ  ആഗോള പര്യടനം ബംഗളൂരുവിൽ സമാപിച്ചു

ലോക മാനസികാരോഗ്യ ദിനാചരണത്തിന്റെ ഭാഗമായി ഇന്ത്യയിലെത്തിയ യുണൈറ്റഡ് സ്റ്റേറ്റ്സ് സർജൻ ജനറൽ ഡോ. വിവേക് മൂർത്തി  ഡൽഹി, മുംബൈ, ബെംഗളൂരു എന്നി വിടങ്ങളിൽ സന്ദർശനം നടത്തി. അമേരിക്കയിലെ പ്രഗത്ഭ ഡോക്ടർമാരിൽ ഒരാളായ അദ്ദേഹം പൊതുജനാരോഗ്യം പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി പ്രവർത്തിച്ചുവരികയാണ്. ആഗോള മാനസികാരോഗ്യവും ഏകാന്തതാപ്രതിസന്ധിയും അഭിസംബോധന ചെയ്യുക
എന്നതായിരുന്നു അദ്ദേഹത്തിൻ്റെ ഇന്ത്യായാത്രയുടെ മുൻഗ ണനകളിലൊന്ന്.

ബെംഗളൂരുവിലെ ശ്രീ ജയദേവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാർഡിയോവാസ്കുലർ സയൻസസ് ആൻഡ് റിസർച്ച് സന്ദർശിച്ച ഡോ. മൂർത്തി തൻറെ പൂർവികരുടെ നാടായ ഇന്ത്യയിലേക്ക് വരാൻ ലഭിച്ച അവസരത്തിന് നന്ദി അറിയിച്ചു. ഇന്ത്യൻ വംശജനായ ആദ്യത്തെ സർജൻ ജനറലായ അദ്ദേഹത്തിൻ്റെ മാതാപിതാക്കൾ കർണാടകയിൽ നിന്നുള്ളവരാണ്. കുട്ടിക്കാലത്ത് മാതാപിതാക്കൾ തന്നിൽ സന്നിവേശിപ്പിക്കാൻ ശ്രമിച്ച നിരവധി മൂല്യങ്ങ ളുടെ ഉറവിടമാണ് ഇന്ത്യയെന്ന് അദ്ദേഹം പറഞ്ഞു. ബന്ധങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ഒരു

സമൂഹത്തിൻ്റെ ഭാഗമാകാനുള്ള ശക്തിയെക്കുറിച്ചും മറ്റുള്ളവരെ സേവിക്കുന്ന തിലൂടെ ഒരു മനുഷ്യന് ലഭിക്കുന്ന സംതൃപ്തിയെക്കുറിച്ചും തൻ്റെ മാതാപിതാക്കളിൽ നിന്നാണ് പഠിച്ചത് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആരോഗ്യമേഖലയിൽ ദീർഘകാലത്തെ പങ്കാളിത്തം യുഎസിനും ഇന്ത്യക്കും ഉണ്ട് എന്ന് ഓർമ്മിപ്പിച്ച അദ്ദേഹം, മാനസികാരോഗ്യത്തെക്കുറിച്ച് പഠിക്കാനും സംസാരിക്കാനുമാണ് താൻ ഇന്ത്യയിൽ വന്നത് എന്നും നമ്മുടെ രാജ്യങ്ങൾ  പഠന അവസരങ്ങളും വിവിധങ്ങളായ  സാധ്യതകളും പങ്കിടുന്ന ഒരു മേഖലയാണ് ആരോഗ്യമേഖല എന്നും സൂചിപ്പിച്ചു. മാനസികാ രോഗ്യവുമായി പലപ്പോഴും ബന്ധപ്പെട്ടിരിക്കുന്ന നാണക്കേടും അപമാനവും മറികടക്കാൻ പ്രവർത്തിക്കുന്ന മികച്ച സംഘടനകളുമായും വ്യക്തികളുമായും  ഇന്ത്യയിൽ നടത്തിയ കൂടി ക്കാഴ്ചകളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു.

മാനസികാരോഗ്യ സംരക്ഷണ സേവനങ്ങളിലേക്കുള്ള സ്വീകാര്യത വർദ്ധിപ്പിക്കേണ്ടതുണ്ട്. മാനസികാരോഗ്യ പ്രതിസന്ധിയുടെ കാരണങ്ങൾ കണ്ടെത്തി അവ നേരിടുന്നതിന് സഹായം തേടുന്നതിൽ ലജ്ജ വേണ്ടതില്ലെന്ന് ആളുകളെ ബോധവത്കരണം നടത്താൻ എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട  ആ ഗോള വെല്ലുവിളികളെ നേരിടാൻ നമുക്കെല്ലാവർക്കും പങ്കാളിത്തത്തോടെ പ്രവർത്തി ക്കാൻ കഴിയുമെന്ന ശക്തമായ ഓർമ്മപ്പെടുത്തലാണ് ലോക മാനസികാരോഗ്യ ദിനം എന്നും ഡോ. മൂർത്തി കൂട്ടിച്ചേർത്തു.

പരിപാടിയിൽ പങ്കെടുത്ത യുഎസ് കോൺസൽ ജനറൽ ചെന്നൈ ക്രിസ് ഹോഡ്ജസ്, ഡോ. വിവേക് മൂർത്തി ബംഗളൂരു സന്ദർശിച്ച് മാനസികാരോഗ്യത്തിൻ്റെ പ്രാധാന്യത്തെക്കുറിച്ചും മറ്റും വിശദീകരിച്ചതിലുള്ള സന്തോഷം പങ്കുവച്ചു.  പര്യടനത്തിനിടയിൽ ഡോ. മൂർത്തി മാരിവാല ഹെൽത്ത് ഇനീഷ്യേറ്റീവിലെ യുവാക്കളെ നേ രിട്ട് സന്ദർശിച്ച് അവർ നേരിടുന്ന ബുദ്ധിമുട്ടുകളും

വെല്ലുവിളികളും വിലയിരുത്തി. കൂടാതെ  നിത മുകേഷ് അംബാനി ജൂനിയർ സ്കൂൾ, അമേരിക്കൻ സ്കൂൾ ഓഫ് ബോംബെ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നിവിടങ്ങളിലെ യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുമായി ഏകാന്തത, മാനസികാരോഗ്യം, സോഷ്യൽ മീഡിയ എന്നീ വിഷയങ്ങളിൽ ചർച്ച നടത്തി.

തുടർന്ന്, കുടുംബ കേന്ദ്രീകൃത പരിപാടിയിലൂടെ സാമൂഹികമായ ഒറ്റപ്പെടലിനെ നേരിടാൻ സഹായിക്കുന്ന രീതി പിന്തുടരുന്ന നൂറ ഹെൽത്തിൻ്റെ പരിചരണ മാതൃക പ്രായോഗിക മായി നിരീക്ഷിക്കുന്നതിനായി ശ്രീ ജയദേവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാർഡിയോവാസ്കുലർ സയൻസസ് ആൻഡ് റിസർച്ച് സന്ദർശിച്ചു.

വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ്റെ കമ്മീഷൻ ഓൺ സോഷ്യൽ കണക്ഷൻ്റെ കോ-ചെയർ എന്ന നിലയിൽ,  മാനസികാരോഗ്യത്തെക്കുറിച്ചുള്ള അനുഭവങ്ങളെക്കുറിച്ച് അറിയാനുള്ള ദൗത്യത്തിൽ ഡോ. മൂർത്തി വിവിധ രാജ്യങ്ങളിൽ യാത്ര ചെയ്തിട്ടുണ്ട്. നമ്മുടെ ഏകാന്തതയും ഒറ്റപ്പെടലും എന്ന മഹാമാരി (Surgeon General's Advisory on Our Epidemic of Loneliness and Isolation,),  സോഷ്യൽ മീഡിയയും യുവജന മാനസികാരോ ഗ്യവും ( Surgeon General's Advisory on Social Media and Youth Mental Health. ) എന്നീ പ്രസിദ്ധീകരണങ്ങൾ ഡോ. മൂർത്തിയുടേതായിട്ടുണ്ട്.

Follow | X: @Surgeon_General | Instagram: @U.S.SurgeonGeneral

Facebook: @USSurgeonGeneral | Website: www.surgeongeneral.gov